**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **10-03-2025 - ൽ മറുപടിയ്ക്ക്**

**പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020, 2021 വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണത്തിലെ അഴിമതിയിന്മേലുള്ള പരാതിയിന്മേൽ മൂന്ന് വർഷം മുൻപ് അന്വേഷണം ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | **പാലോട് റേഞ്ചിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട നിർമാണവുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.09.2020-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അന്നത്തെ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയും പെരിങ്ങമല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെയും സർക്കാർതലത്തിൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം / കുറ്റാരോപണപത്രിക നൽകി അച്ചടക്കനടപടി തുടർന്നു വരുന്നു.**<br><br>പാലോട് റെയിഞ്ചിൽ 2019, 2020, 2021 വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണത്തിലെ അപാകതകളിന്മേലുള്ള പരിശോധനയിൽ ജണ്ടകളിൽ ചിലതിൽ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി കണ്ടിരുന്നു. വിജിലൻസ് വിഭാഗം ജണ്ട പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലൂടെയായതിനാൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ പരിശോധന നടത്തി അപാകതകളുള്ള ജണ്ടകളിൽ മഹസ്സർ തയ്യാറാക്കി പ്രശ്നമില്ലാത്തവ, അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ നാല് വിഭാഗങ്ങളിലായി തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കി സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് തിട്ടപ്പെടുത്തി, ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരുടെ പേര് വിവരം സഹിതം, മഹസ്സറും വിശദമായ റിപ്പോർട്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ കൊല്ലത്തിന് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടുണ്ട്. വിശദമായ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച അവലോകന യോഗം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിട്ടുള്ളതാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല ,ആയതു ലഭ്യമാകുന്ന മുറക്ക് സർക്കാർ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ജണ്ട നിർമാണ ക്രമക്കേട് കാരണം എത്ര കോടി രൂപയുടെ എത്ര ഹെക്ടർ വനഭൂമി സർക്കാരിന് നഷ്ടമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | **ലഭ്യമായ അന്വേഷണ റിപ്പോർട്ടുകളിൽ വനഭൂമി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല.** |
| (സി) | അഞ്ചു ലക്ഷം രൂപ മാത്രം സർക്കാരിന് നഷ്ടം ഉണ്ടാക്കിയ കാപ്രിക്കാട് മാൻ തീറ്റ കേസ് കേരള പോലീസ് വിജിലൻസ് അന്വേഷണത്തിന് നൽകിയ സാഹചര്യത്തിൽ കോടിക്കണക്കിനു രൂപയുടെ വനഭൂമി നഷ്ടപ്പെടാൻ കാരണമായ ജണ്ട അഴിമതി കേസ് വിജിലൻസിന് വിശദാനേഷണത്തിന് നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | **ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അന്വേഷണം നടത്തി അഴിമതി കണ്ടെത്തി ആ വിവരം സംസ്ഥാന വിജിലൻസ് വകുപ്പിന് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ ആയതിന്മേൽ അന്വേഷണം നടത്താവുന്നതാണെന്ന് ഡയറക്ടർ (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ) തിരുവനന്തപുരം 30.11.2023-ലെ CPSP 1-45781/2023/DVACB നമ്പർ കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ